പ്രതികരണലേഖനം

# എഴുത്തച്ഛന്റെ ജാതി

പ്രഫ. ടി. ബി. വിജയകുമാർ

**തുഞ്ചത്തെഴുച്ഛൻ, നായർ സമുദായത്തിൽപ്പെട്ടയാളാണെന്ന വാദങ്ങളോടു വിയോജിക്കുകയാണ് ലേഖകൻ.**

എഴുത്തച്ഛൻ ജാതിയിൽ പിറന്ന ഭാഷാപിതാവിനെ ജാതി മാറ്റുന്നതിനുള്ള ശ്രമങ്ങൾ തുടങ്ങിയിട്ടു കാലം കുറച്ചായി. നൂറു ശതമാനവും പരാജയപ്പെട്ട ഈ ശ്രമത്തിന്റെ പുതിയ ഭാവമാണ് കഴിഞ്ഞ ലക്കം ഭാഷാപോഷിണിയിൽ പ്രതിഫലിച്ചത്. (ഭാഷാപിതാവും എഴുത്തച്ഛൻ ജാതിപ്പേരും– എൻ.എസ്. മന്നാടിയാർ, തീക്കടൽ കടഞ്ഞു തിരുമധുരം– എം. ലീലാവതി, കടലിരമ്പം നിത്യശ്രുതിയായ അരങ്ങ്– സി. രാധാകൃഷ്ണൻ, ജൂലായ് 2005 പുസ്തകം 29 ലക്കം 2).

സി. രാധാകൃഷ്ണൻ തന്റെ എഴുത്തച്ഛൻ നോവൽ മാതൃഭൂമിയിൽ പ്രസിദ്ധീകരിച്ചു തുടങ്ങിയ അവസരത്തിൽ ചരിത്രവിദ്യാർഥികളായ ഞങ്ങൾ ഉയർത്തിയ സംശയങ്ങൾക്ക് ഇതുവരെ ആരും മറുപടി പറഞ്ഞിട്ടില്ല.

16,17 നൂറ്റാണ്ടുകളിൽ കേരളത്തിലെ നായന്മാരുടെ സാംസ്കാരിക നിലവാരം തുഞ്ചത്തെഴുത്തച്ഛനെപ്പോലെ ഒരു മഹാപ്രതിഭയ്ക്കു ജന്മം നൽകാൻ പര്യാപ്തമായിരുന്നുവോ എന്നു പരിശോധിക്കുവാനാണ് ഞങ്ങൾ ആവശ്യപ്പെട്ടിരുന്നത്. 1498ലെ യൂറോപ്യൻ അധിനിവേശത്തോടുകൂടി കേരളത്തിന്റെ സാമൂഹിക ചരിത്രത്തെ സംബന്ധിച്ചു ധാരാളം വിവരങ്ങൾ ലഭ്യമാണ്. തുഞ്ചന്റെ കാലഘട്ടം 16–ാം നൂറ്റാണ്ടാണ്. തുഞ്ചനെ പ്രസവിക്കാൻ നായർ സമുദായത്തിനു ധൈഷണികമായ കരുത്തുണ്ടെന്നു തെളിയിക്കാൻ (ആ കാലഘട്ടത്തിൽ) ഞങ്ങൾ വെല്ലുവിളിച്ചിരുന്നു. ചരിത്രപരമായ രേഖകൾ നിരത്താൻ ഞങ്ങൾ ആവശ്യപ്പെട്ടിരുന്നു. അതേ സമയം അവരുടെ സാംസ്കാരിക പാപ്പരത്തത്തെ തെളിയിക്കുന്ന ചരിത്രപരമായ തെളിവുകൾ ധാരാളമുണ്ടുതാനും. ഇരുപതാം നൂറ്റാണ്ടിലെ നായന്മാരുടെ സാംസ്കാരിക നിലവാരംവച്ച് 16–ാം നൂറ്റാണ്ടിലെ നായന്മാരുടെ നിലവാരം വിലയിരുത്തരുത്. എഴുത്തച്ഛൻ സമുദായത്തെ സംബന്ധിച്ച് ഇതു നേരെ മറിച്ചും ബാധകമാണ്. ചരിത്രത്തിന്റെ ഗതിവിഗതികളെക്കുറിച്ച് അൽപം പിടിപാടുള്ള ഒരാൾക്കും ഇതിനെക്കുറിച്ചു സംശയമുണ്ടാകാനിടയില്ല.

തുഞ്ചത്തെഴുത്തച്ഛൻ നായരല്ല എന്നതിന്റെ ഏറ്റവും വലിയ തെളിവു നൽകുന്നത് അദ്ദേഹത്തിന്റെ രാമായണം, ഭാരതം കിളിപ്പാട്ടുകൾ തന്നെയാണ്.

ആ കാലഘട്ടത്തിലെ നായന്മാരുടെ സാംസ്കാരിക പിന്നോക്കാവസ്ഥയെ സംബന്ധിച്ച് പ്രഗല്ഭ ചരിത്രകാരനായ കെ. പി. പത്മനാഭമേനോൻ തന്റെ കൊച്ചി രാജചരിത്രത്തിൽ എഴുതിയതു ശ്രദ്ധിക്കുക.

നമ്പൂതിരിമാർ സംസ്കൃതഭാഷയെത്തന്നെ പ്രമാണമാക്കി മലയാളത്തെ നിഷിദ്ധനിലയിൽവച്ചിരുന്നു. അവരുടെ അടിമകളായിരുന്ന ശൂദ്രാദികളെ വിദ്യയഭ്യസിപ്പിച്ചുകൂട എന്നവർക്കു നിർബന്ധമുണ്ടായിരുന്നു. ഈ അസൂയ നിമിത്തം നാട്ടിലുണ്ടായിരുന്നതിൽ അധികം ജനങ്ങൾ മൂഢന്മാരായിത്തീരുവാനിടയായി. ശൂദ്രാദികൾ സ്പഷ്ടമായും വ്യക്തമായും സംസാരിക്കുന്നതുതന്നെയും നമ്പൂതിരിമാർക്ക് അത്ര രസമില്ലായിരുന്നു. (കൊച്ചി രാജ്യചരിത്രം 1 പു. 523)

"ആയുസ്സു മുഴുവൻ കേരള ചരിത്രം പഠിക്കുന്നതിനു ചെലവഴിച്ച കെ. പി. പത്മനാഭമേനോന്റെ ഈ വിവരണത്തിന്റെ നിജസ്ഥിതിക്ക് എഴുത്തച്ഛനെത്തന്നെ നമുക്കു സാക്ഷിയായിക്കിട്ടും എന്നതാണു നില. ശാന്തിപർവത്തിലെ ശൂദ്രവിവരണത്തിൽ –

ബ്രഹ്മൻതന്നംഘ്രിജാതനായതു ശൂദ്രനല്ലോ
...ദാസനായ് ദ്വിജകുലപാദസേവയും ചെയ്തു –
വാസനയാലേ തേഷാംവൃത്തിയും രക്ഷിക്കണം...
ആരണർക്കൊരു ദുഃഖം കാണുമ്പോളതുതീർപ്പാൻ –
പ്രാണത്യാഗവും ചെയ്തു സൽഗതി ലഭിക്കേണം –
...അക്ഷരാനഭിജ്ഞത്വം മൂഢത്വവും–
അക്ഷരവ്യക്തി വിഹീനാലാപനങ്ങളുമെല്ലാം –
ശൂദ്രധർമങ്ങളെന്നു ധരിക്ക, യുധിഷ്ഠിര –
ശൂദ്രനു ഭാഗിനേയൻ പിണ്ഡകർത്താവായതു.

ഭാരതം കിളിപ്പാട്ട് (657 – 658).

എന്ന ഭാഗംകൊണ്ട് എഴുത്തച്ഛൻ പറയുന്നത് ഭാഗിനേയൻ പിണ്ഡകർത്താവായ ശൂദ്രന്; അക്ഷരം അറിയാതിരിക്കുക, അജ്ഞനും മൂഢനുമായിരിക്കുക, ഉച്ചാരണശുദ്ധിയോടെ സംസാരിക്കാതിരിക്കുക എന്നിവയെല്ലാം നീക്കുപോക്കില്ലാതെ പാലിക്കേണ്ട ധർമങ്ങളാണെന്നുമാണല്ലോ. ചരിത്രപഠനത്തിൽ പത്മനാഭമേനോൻ കണ്ടതും, എഴുത്തച്ഛൻ മുൻകൂറായി സാക്ഷ്യപ്പെടുത്തിയതുമായ സാമൂഹ്യപരിതസ്ഥിതി എഴുത്തച്ഛന്റെ കാലത്തു പരമാവധി ശക്തമായി നിലനിന്നിരുന്നു എന്ന പരമപ്രധാന സത്യം കണക്കിലെടുക്കാതെയാണ് നമ്മുടെ മിക്ക ഭാഷാചരിത്രകാരന്മാരും ഭാഷാസാഹിത്യ ചരിത്രങ്ങൾ രചിച്ചുവച്ചിട്ടുള്ളത്." (പി. കെ. ബാലകൃഷ്ണൻ – എഴുത്തച്ഛന്റെ കല).

അദ്ദേഹം തുടരുന്നു. "എഴുത്തച്ഛന്റെ സ്ഥാനം മലയാള സാഹിത്യചരിത്രത്തിൽ മാത്രം ഒതുങ്ങുന്ന ഒന്നല്ലല്ലോ. ഇന്നത്തെ മലയാള ഭാഷയുടെ പിതൃസ്ഥാനംകൊണ്ടും അതു പൂർണമാകുന്നില്ല. മലയാളി ജനതയ്ക്കു ചരിത്രവശാൽ അവകാശപ്പെടാവുന്ന സഭ്യതയുടേയും മഹിമയുടേയും ആകത്തുകയായ എഴുത്തച്ഛന്റെ സാഹിത്യരചനകൾ, സംസ്കൃത സാഹിത്യ ശാസ്ത്രാദികളിലേക്കുള്ള വാതിൽ മലയാളികൾക്കാകെ തുറന്നുകൊടുത്ത ചരിത്ര മഹാസംഭവമാണ്. മാക്കി, കണ്ടകോരു, കണ്ടപ്പൻ, ഊലി, നാച്ചി, ആച്ചി എന്നീ പേരുകളെ സ്വയം രാഘവനും രാമനും

നാരായണനും സരസ്വതിയും സുഭദ്രയുമാക്കി പരിവർത്തിപ്പിച്ച് നായന്മാരെ ക്കൂടി അവരാഗ്രഹിക്കാത്ത ഒരു പദവീവ്യത്യാസത്തിലേക്കുയർത്തിയ സംഭവവുമാണദ്ദേഹം. (മേല്പറഞ്ഞ 'മാക്കിക്കണ്ടപ്പിനാച്ചി ആച്ച്യാദി' നാമങ്ങൾ തന്നെയാണ് കുഞ്ചൻനമ്പ്യാരുടെ കാലമായ 1740 – 1770 കാലത്തു നായന്മാർക്കിടയിൽ നിലനിന്നിരുന്നതെന്നു കാണാം. അതായത് എഴുത്തച്ഛന്റെ കൃതികൾ പരക്കെ പ്രചാരപ്പെടുന്നതുവഴി സ്വയമുണ്ടായ മാറ്റം അക്കാലത്തുപോലും സംഭവിച്ചു കഴിഞ്ഞിരുന്നില്ലെന്നർഥം. നമ്പ്യാരുടെ തുള്ളൽപ്പാട്ടുകളിലത്രയുമുള്ള എണ്ണമില്ലാത്ത നായർ സമൂഹചിത്രങ്ങൾ, പേരിന്റെ രീതി നോക്കാൻ മാത്രമായി പരിശോധിച്ചിട്ട് ചങ്കരച്ചാർ എന്ന പേരും രാമച്ചാർ എന്ന പേരും മുമ്മൂന്നു വട്ടവും കുഞ്ഞിരാമൻ എന്ന പേരും ഈച്ചരനെന്ന പേരും ഒരിക്കലും കണ്ടതല്ലാതെ 'മാക്കിക്കണ്ടപ്പി' പരമല്ലാത്ത ഒരുപേരും കാണാൻ കഴിഞ്ഞില്ല. 'ആച്ചിനാച്ചി' യല്ലാത്ത് സ്ത്രീനാമം ആകെ കണ്ടതും ഒന്നേ ഒരു പ്രാവശ്യം ലക്ഷ്മി രണ്ടു പ്രാവശ്യം മാധവി എന്നിവ മാത്രമാണ്).

ഈ വലിയ സത്യങ്ങൾ കാണണമെങ്കിൽ സാമൂഹ്യ ചരിത്രപശ്ചാത്തലത്തിൽ ആ വ്യക്തിത്വത്തെ പ്രതിഷ്ഠിച്ച് നാം കാര്യവിചാരം ചെയ്യേണ്ടിവരും. ജാതിഘടനയുടെ പ്രത്യേകത മൂലം ഒരേ ജനത എന്നനില, ദേശം പ്രതി നിഷേധിക്കപ്പെട്ടിരുന്ന ജനതയിലെ ഓരോ ജാതിക്കും ദേശാന്തരത്തിലുള്ള സ്വജാതീയരുമായി സാധ്യമാകുമായിരുന്ന സമ്പർക്കത്തെയും അതു പ്രയാസകരമാക്കി. മുട്ടിനുമുട്ടിനു സ്വതന്ത്രരാജ്യങ്ങളും ഈ രാജാക്കന്മാർ തമ്മിൽ നിരന്തരയുദ്ധവും നടപടിയായിരുന്ന ചുറ്റുപാടിൽ ആജന്മ യോദ്ധാക്കളായ നായന്മാർക്കു ദേശാന്തര യാത്ര അസാധ്യമായിരുന്നുവെന്നും കാണാം.''

എഴുത്തച്ഛൻ, നായർ ജാതിയിൽപ്പെട്ട ആളല്ല എന്നതിന്റെ ഏറ്റവും വലിയ തെളിവാണ് ഇത്. എഴുത്തച്ഛൻ സഞ്ചാരപ്രിയനും മലയാളത്തിനു പുറത്തുള്ള സാംസ്കാരികകേന്ദ്രങ്ങളുമായി നിരന്തരം സമ്പർക്കം പുലർത്തിയ ആളുമാണ്. എഴുത്തച്ഛൻ സമുദായം കേരളത്തിൽ കുടിയേറിയത് 1450 നോടടുത്താണ്. എഴുത്തച്ഛൻ സമുദായത്തിന്റെ വിദേശബന്ധം മൂലമാണ് ആചാര്യനു സംസ്കൃതഭാഷയും സാഹിത്യവും വേദങ്ങളും വേദാംഗങ്ങളും വേദാന്താദിവിദ്യകളും പഠിക്കാൻ കഴിഞ്ഞത്.

എഴുത്തച്ഛൻ തന്റെ ജേഷ്ഠനെ സ്മരിക്കുന്നതു ശ്രദ്ധിക്കുക.

''അഗ്രജൻ മമ സതാം വിദൂഷാമഗ്രേസരൻ'' എന്ന് എഴുത്തച്ഛന്റെ വന്ദനത്തിനു പാത്രമായ വ്യക്തി സ്വാഭാവികമായും അദ്ദേഹത്തിന്റെ ജ്യേഷ്ഠ സഹോദരനാണെന്നും, ആ ജ്യേഷ്ഠൻ നൽകിക്കൊണ്ടിരുന്ന സംരക്ഷയെ ഭക്തിയോടും കൃതജ്ഞതയോടുംകൂടി സ്മരിക്കുകയാണ് എഴുത്തച്ഛൻ ചെയ്യുന്നതെന്നും കരുതേണ്ടിയിരിക്കുന്നു. എഴുത്തച്ഛന്റെ ഗുരുവാകാൻ മാത്രം ഉപരിവൈദുഷ്യം സ്വാഭാവികമായും ചക്കാലനായരായ ആ ജ്യേഷ്ഠന് ഉണ്ടാവണമെങ്കിൽ നാം അനേകം കാര്യങ്ങൾ സങ്കൽപിച്ചുണ്ടാക്കേണ്ടിവരും. അതെങ്ങിനെയായിരുന്നാലും ''മൽഗുരുനാഥനേകാന്തേവാസികളോട് ഉൾക്കുരുന്നികൽ വാഴ്കരാമനാമാചാര്യനും'' എന്ന ഗുരുപരാമർശം 16–ാം നൂറ്റാണ്ടിലെ കേരളീയജാതി സമൂഹത്തിൽ അനേകം അന്തേവാസികളുമായി ഗുരുകുലം നടത്തിപ്പോന്ന ഒരു നായർഗുരുവിനെ ഉദ്ദേശിച്ചാവുകയില്ല. അങ്ങനെ ഒരു നായർ ഗുരു ഉണ്ടാവാനും നിലനിൽക്കാനും യാതൊരു സാധ്യതയുമില്ലെന്നുള്ളതുതന്നെ കാരണം. ഭാരതത്തിന്റെ തുടക്കത്തിലെ വന്ദനത്തിൽ ''ഗുരുവും ഗണേശനും വാണിയും...തുണയ്ക്കുവന്ദിക്കുന്നേൻ'' എന്നു കേവലം ''ഗുരു'' എന്നു മാത്രമാണ് ഗുരുപരാമർശം. തന്റെ രചന സ്വാഭാവികമായും കാണാവുന്ന മലയാളിയായ ഒരു ഗുരുവിനെയാണ് ഇവിടെ വന്ദിക്കുന്നതെങ്കിൽ, കൂടുതൽ വിശദമായും കൂടുതൽ വിശേഷണങ്ങളോടെയും അതു ചെയ്യുക എന്നതാവും ഗുരുഭക്തിക്കു നിരക്കുന്ന നടപടി. ചുരുക്കത്തിൽ അന്തേവാസികളായ അനേകം ശിഷ്യന്മാരുമായി കഴിഞ്ഞിരുന്ന ഒരു ഗുരുവിന്റെ അന്തേവാസിയായിട്ടാണ് എഴുത്തച്ഛൻ സംസ്കൃതം പഠിച്ചതെന്നും, അതു പരദേശത്താണെന്നും കരുതേണ്ടിയിരിക്കുന്നു.–പി. കെ. ബാലകൃഷ്ണൻ പറയുന്നു. (എഴുത്തച്ഛന്റെ കല).

മഹാകവി കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരിച്ചിരുന്ന രസികരഞ്ജിനി മാസികയിൽ തമ്പുരാൻ തന്നെ 'നമ്പൂരിമാരും വിദ്യാഭ്യാസവും' എന്ന ലേഖനം കൊല്ലവർഷം 1081 മിഥുന മാസത്തിലെ ലക്കത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ തമ്പുരാൻ വിവിധ സമുദായങ്ങളുടെ സംസ്കൃതവിദ്യാഭ്യാസത്തിന്റെ കാര്യത്തിലുള്ള അഭിരുചി വിവരിച്ചിട്ടുണ്ട്. ''നായന്മാരുടെ ഇടയിലാണ് സംസ്കൃത വിദ്യാഭ്യാസം വളരെ ചുരുങ്ങിയിരുന്നത്. അതിനു കാരണം അവർ ദാസ്യപ്രവൃത്തിക്കാരും അല്ലെങ്കിൽ കൃഷിക്കാരും പടയാളികളും ആയിരുന്നതുകൊണ്ടുതന്നെ ആയിരിക്കണം.'' ഇതു നൂറു കൊല്ലം മുൻപുള്ള സ്ഥിതിയാണ്. അപ്പോൾ പതിനാറാം നൂറ്റാണ്ടിലെ കാര്യങ്ങൾ ഊഹിക്കാവുന്നതേയുള്ളു. ബ്രിട്ടീഷ് കാലഘട്ടത്തിലും അതിനുശേഷവുമാണ് നായന്മാർ സാംസ്കാരികമായി ഉയർന്നത്.

രാമായണം കിളിപ്പാട്ട് – ആരണ്യകാണ്ഡത്തിലെ രണ്ടു വരികൾ ശ്രദ്ധിക്കുക.

ഝില്ലിഝങ്കാര നാദമണ്ഡിതം സിംഹവ്യാഘ്ര –
ശല്യാദിമൃഗഗണാകീർണ്ണമാതപഹീനം
വേറൊരിടത്ത്
പപ്രച്ഛ നീയാരയച്ചുവന്നു കപേ!
ചക്രുഃ കിലുകിലശബ്ദം പരവശാഃ
ദൂതാസ്മി കോസലേന്ദ്രസ്യ രാമസ്യ ഞാൻ

മലയാളം ശരിക്ക് ഉച്ചരിക്കാൻ അവകാശമില്ലാത്ത പതിനാറാം നൂറ്റാണ്ടിലെ നായർക്ക് ഇത്തരത്തിലുള്ള സംസ്കൃതപദബഹുലമായ ഈരടികൾ രചിക്കാനാകുമോ? രാമായണം കിളിപ്പാട്ടിൽതന്നെ തുടക്കത്തിൽ എഴുത്തച്ഛൻ നടത്തുന്ന സരസ്വതീവന്ദനം ശ്രദ്ധിക്കുക:

വാണീടുകനാരതമെന്നുടെ നാവുതന്മേൽ
വാണിമാതാവേ! വർണ്ണവിഗ്രഹേ! വേദാത്മികേ!
നാണമെന്നിയേ മുദാ നാവിന്മേൽ നടനംചെ–
യ്കേണാങ്കാനനേ! യഥാ കാനനേ ദിഗംബരൻ

വാണിമാതാവായ സരസ്വതീദേവി നഗ്നജൈന സന്യാസിമാരായ ദിഗംബരന്മാർ (ദിക്ക് വസ്ത്രമാക്കിയവൻ – നഗ്നൻ) കാനനത്തിൽ സ്വതന്ത്രമായി വിഹരിക്കുന്നതുപോലെ, തന്റെ നാവിൽ തത്തിക്കളിക്കണമെന്നാണ് എഴുത്തച്ഛൻ ആഗ്രഹിക്കുന്നത്. ഇത് എഴുത്തച്ഛനിലെ ജൈനമതസ്വാധീനത്തിന്റെ തെളിവാണ്. ബൌദ്ധ ജൈന പശ്ചാത്തലമുള്ള എഴുത്തച്ഛൻ ജാതിയിൽ പിറന്നതുകൊണ്ടാണ് ആചാര്യനിൽ ഈ സ്വാധീനമുണ്ടായത്. ദിഗംബര സന്യാസിമാർ രചനയിൽ കടന്നുവരുന്നത് തുഞ്ചന്റെ സമുദായമായ എഴുത്തച്ഛൻ സമുദായത്തിന്റെ ബൌദ്ധ ജൈന പശ്ചാത്തലമാണ്.

ഇക്കൂട്ടർ ഉയർത്തുന്ന വാദഗതികൾ പ്രധാനമായും രണ്ടാണ്. 1. എഴുത്തച്ഛൻ സമുദായം ഇരുപതാം നൂറ്റാണ്ടിലുണ്ടായ ഒരു ജാതിയാണ്. 2. ഇന്ന് എഴുത്തച്ഛൻ ഒരു പിന്നോക്ക സമുദായമാണ്. അതുകൊണ്ടു പതിനാറാം നൂറ്റാണ്ടിൽ ജീവിച്ച തുഞ്ചത്താചാര്യൻ എഴുത്തച്ഛൻ ജാതിക്കാരനല്ല. കാൽ കഴഞ്ചിനു ചരിത്രബോധമുള്ളവർ ഇത്തരം ഒരു നിഗമനത്തിലെത്തുകയില്ല. അധോമണ്ഡലഗുമസ്തൻ ഫയലിൽ 'ക്വറി' ഇടുന്ന ലാഘവത്തോടെയാണ് പലരും ചരിത്രരചന നടത്തുന്നത്. നായർസർവീസ് സൊസൈറ്റിയുടെ സ്ഥാ

പകനായ മന്നത്തു പത്മനാഭൻ തന്റെ ആത്മകഥ (എന്റെ ജീവിതസ്മരണകൾ)യിൽ ആദ്യകാലങ്ങളിൽ സർക്കാരിന്റെ മുന്നിൽ മുഖ്യമായും ഉന്നയിച്ച ഒരാവശ്യത്തെക്കുറിച്ചു പ്രതിപാദിക്കുന്നുണ്ട്. 1914 ഒക്ടോബർ 14–ാം തീയതി മന്നത്തു പത്മനാഭന്റെ നേതൃത്വത്തിൽ സ്ഥാപിച്ച 'നായർ ഭൃത്യജനസംഘമാണ്' നായർ സർവീസ് സൊസൈറ്റിയായി രൂപാന്തരപ്പെട്ടത്. അന്നു തിരുവിതാംകൂർ സർക്കാർ രേഖകളിൽ നായന്മാരെ "മലയാള ശൂദ്രൻ" എന്നാണു രേഖപ്പെടുത്തിയിരുന്നത്. ഇതു മാറ്റിക്കിട്ടുന്നതിനായാണ് നായർ ഭൃത്യജനസംഘം മന്നത്തിന്റെ നേതൃത്വത്തിൽ 11 വർഷത്തോളം പോരാടേണ്ടിവന്നത്. (നായർ സമാജത്തിന്റെ അന്നത്തെ പരിപാടികളിൽ പെട്ടിരുന്നതു "മലയാള ശൂദ്രൻ" എന്ന വിളിയും എഴുത്തുകുത്തുംമാറ്റി നായർ എന്നാക്കുക. ശൂദ്രനാമം മാറ്റുന്നതിന് സംഘടനയ്ക്കു വളരെ പാടുപെടേണ്ടിവന്നു. എഴുത്തുകുത്തുകളിൽനിന്നു മലയാള ശൂദ്രൻ എന്ന പദം മാറ്റി നായർ എന്നാക്കാൻ അന്നത്തെ വിദേശ ഗവൺമെന്റിനു വിസമ്മതമായിരുന്നു. "നായന്മാരെ ഭൃത്യപ്പണിക്കാർ എന്നർഥമുള്ള ശൂദ്രപദത്തിൽത്തന്നെവച്ചുകൊണ്ടിരിക്കാൻ നിർബന്ധപൂർവം അവർ (സർക്കാർ) ആഗ്രഹിച്ചിരുന്നു." മന്നം തുടരുന്നു. ഇതിനായുള്ള ഉത്തരവ് ഇറങ്ങിയത് 1926–ൽ ആണ് (മലയാള ശൂദ്രനെ നായരാക്കുന്ന ഉത്തരവ്). എഴുത്തച്ഛൻ സമുദായം 20–ാം നൂറ്റാണ്ടിൽ ഉണ്ടായ ജാതിയാണ് എന്നു വാദിക്കുന്നവരുടെ യുക്തി അനുസരിച്ച് നായർ സമുദായം തിരുവിതാംകൂറിൽ ഉണ്ടായത് 1926–ൽ ആണെന്നു പറയേണ്ടിവരും. തിരുവിതാംകൂറിൽ 1926നു മുൻപ് നായർ എന്ന ജാതിയേ ഉണ്ടായിരുന്നില്ലാ എന്ന് അവർ പറയേണ്ടിവരും!! നാം എന്തിനു ശങ്കിക്കണം? ഇതല്ല ഇതിനപ്പുറവും അവർ ജാതിഭ്രാന്തുകൊണ്ട് എഴുതിക്കളയും.

ഇരുപതാം നൂറ്റാണ്ടിൽ എഴുത്തച്ഛൻ എന്ന ഒരു പുതിയ ജാതി ഉണ്ടായി എന്നതു സാമാന്യ ബോധമുള്ളവർ പറയുകയില്ല.

## 1921 കൊച്ചിൻ സെൻസസ്

നായർ ജാതിമേധാവിത്തത്തിന്റെ ധാർഷ്ട്യത്തിന് ഇരയായ സമുദായമാണ് എഴുത്തച്ഛൻ. 1920ൽ സെൻസസ്സ് ഡിപ്പാർട്ട്മെന്റിലെ ചില നായർ ഗുമസ്തന്മാർ എഴുത്തച്ഛൻ എന്ന ജാതിപ്പേര് കടുപട്ടൻ എന്നാക്കി മാറ്റുന്നതിനു ഗൂഢാലോചന നടത്തുകയുണ്ടായി. ഇതിനു നേതൃത്വം നൽകിയ തൃശൂർ സ്വദേശിയായ ഗുമസ്തനെ എന്റെ പിതാവിനു നല്ലവണ്ണം അറിയാമായിരുന്നു. അന്നത്തെ എഴുത്തച്ഛൻ സമാജം പ്രവർത്തകർ സർക്കാറിൽ നിവേദനം നൽകി അത് എഴുത്തച്ഛൻ എന്നാക്കി മാറ്റി. 1931ലും ആ ഗുമസ്തൻ ഈ തരത്തിലുള്ള കുത്തിത്തിരിപ്പിനു ശ്രമിച്ചു. പക്ഷേ, ഫലിച്ചില്ല. സെൻസസ്സ് റിപ്പോർട്ടുകളിൽ ധാരാളം തെറ്റുകൾ അറിഞ്ഞും അറിയാതേയും കടന്നുകൂടാറുണ്ട്. സെൻസസ്സ് റിപ്പോർട്ടുകളിൽ രണ്ടു പേരും സാമാന്യമായി ഉപയോഗിക്കാറുണ്ട്. തൊഴിൽപ്പേരാണ് ജാതിപ്പേരായി വരാറുള്ളത്. 1914–ൽ മന്നത്തു പത്മനാഭൻ തിരുവിതാംകൂറിൽ "മലയാള ശൂദ്രൻ" "നായർ" ആക്കുന്നതിനു ശ്രമിച്ചതുപോലെ. സ്ഥാനപ്പേരും, തൊഴിൽപ്പേരും തന്നെയാണ് ജാതിപ്പേരായി മാറുന്നത്. ഉദാ: തരകൻ, മേനോൻ, പണിക്കർ, കൈമൾ. നൂറുകണക്കിന് ഉദാഹരണങ്ങൾ നിരത്താം. എഴുത്തച്ഛൻ സമുദായത്തിനു മാത്രം ഈ നടപടി ബാധകമല്ല എന്നു പറയുന്നതു വിവരക്കേടാണ്.

സാമൂതിരിചരിത്രത്തിന്റെ ആധികാരിക ചരിത്രകാരനായ പി. സി. എം. രാജ എഴുതിയ "കോഴിക്കോടും സാമൂതിരിയും" എന്ന ഗ്രന്ഥത്തിൽ എഴുത്തച്ഛൻ സമുദായത്തെ സംബന്ധിച്ച് സുപ്രധാന വിവരങ്ങൾ തരുന്നുണ്ട്. സാമൂതിരി ഗ്രന്ഥവരികൾ ഉദ്ധരിച്ചുകൊണ്ടു വന്ന കൊല്ലം മാസം തീയതി എന്നിവ നൽകുന്നുണ്ട്. (കലിദിനസംഖ്യ 1661111 – കൊല്ലവർഷം 623 ധനു 21ന് 1428 ജനുവരി 5). കടികൈപട്ടണത്തിൽനിന്നു വന്നവരാണ് അവർ. അവർക്കു രക്ഷയും എഴുത്തച്ഛൻസ്ഥാനവും നൽകിയതു കോഴിക്കോടു സാമൂതിരിയാണ്. [സാമൂതിരി ഗ്രന്ഥവരിയിലുള്ള കലിദിനവാക്യം "കടുകതൃക്തസ്തേയാൽ"] "പതനംപിഴ" എന്ന പേരിൽ പട്ടണത്തിലെ വർത്തക പ്രമുഖരായിരുന്നത്രെ. 1428–ൽ പട്ടർ നടക്കാവിൽ കുടിയേറിയവർ എട്ടുവീട്ടുകാരായിരുന്നു. പി. സി. എം. രാജയുടെ അഭിപ്രായത്തിൽ അവർ കടികൈപട്ടണത്തിൽ ഭണ്ഡാര സൂക്ഷിപ്പുകാരുടെ കുടുംബത്തിൽ കടു (കടുസ്സ) ഭട്ടന്മാരാകയാൽ അവരെ "കടുപ്പട്ടന്മാർ" എന്നും വിളിച്ചിരുന്നു. (ജാതിപ്പേര് എഴുത്തച്ഛൻതന്നെ). ഭട്ടർ ആണ് പട്ടർ ആയത്. ഭട്ടർ എന്നതിനു പണ്ഡിതനായ വിദേശി എന്നു മാത്രമേ അർഥമുള്ളു. തമിഴ് ബ്രാഹ്മണരെ പട്ടർ എന്നാണു വിളിക്കാറുള്ളത്. സുബ്ബരാമപട്ടർ എന്നും മറ്റും ആളുകളെ വിളിക്കാറുണ്ട്. പിന്നീടത് "അയ്യർ" എന്നാക്കി. അതുകൊണ്ട് അയ്യർ എന്നത് ഇരുപതാം നൂറ്റാണ്ടിൽ ഉണ്ടായ ജാതിയാണെന്ന് ആരെങ്കിലും പറയുമോ?

എഴുത്തച്ഛനെ നായരാക്കുന്നവർക്ക് ആ ജാതിവ്യവസ്ഥയുടെ ബലതന്ത്രത്തെക്കുറിച്ചു യാതൊരു പിടിപാടുമില്ലാത്തവരാണ്. ഇന്ന് എഴുത്തച്ഛൻ ഒരു പിന്നോക്ക സമുദായമാണ്. തുഞ്ചന്റെ കാലഘട്ടത്തിൽ അങ്ങിനെ ആയിക്കൊള്ളണമെന്നില്ല. സ്മാർത്ത വിചാര നടപടിയിലൂടെ നമ്പൂതിരിമാരെ ചാക്യാരും നമ്പ്യാരുമാക്കുന്നു.നമ്പൂതിരിയെ എളയതാക്കുന്നു.ജാതികയറ്റവും ജാതി ഇറക്കവും നൽകുന്നു. സവർണനെ അവർണനാക്കുന്നു. അവർണനെ സവർണനാക്കുന്നു. ചില ജാതികളിലെ ചില കുടുംബങ്ങൾക്കു കേറ്റവും ചിലർക്ക് ഇറക്കവും നൽകുന്നു. ഇത്തരം അഭ്യാസങ്ങളിലൂടെയാണ് കേരളത്തിൽ ബ്രാഹ്മണ സവർണമേധാവിത്തം നിലനിന്നത്. ജാതി പദവിയിലുള്ള മാറ്റത്തിനു ദേശകാലഭേദമുണ്ട്.

## സാമൂതിരി കോവിലകം രേഖകൾ

ഏറ്റവും മോശപ്പെട്ട രീതിയിൽ സംരക്ഷിക്കപ്പെട്ട രേഖകളാണ് സാമൂതിരി ഗ്രന്ഥവരി. 1513–ൽ പോർച്ചുഗീസുകാർ തന്നെ വളരെയേറെ രേഖകളും പകർപ്പുകളും നശിപ്പിച്ചിട്ടുണ്ട്. ഒരു കോവിലകത്തുനിന്നു മറ്റൊരു കോവിലകത്തേക്കുകൊണ്ടുപോകുമ്പോൾ പലപ്പോഴും സുപ്രധാന രേഖകൾ നഷ്ടപ്പെട്ടിട്ടുണ്ട്. 1977ൽ വൻശേഖരം ലേലംചെയ്തു വിറ്റു. (മാവൂർ റയോൺസുകാർ അതു പൾപ്പാക്കി മാറ്റി). പല രേഖകളും പകർപ്പുകളും പലരും എടുത്തുകൊണ്ടുപോയിട്ടുണ്ട്. ഒറ്റനോട്ടത്തിൽ ഒരു കുറുപ്പില്ലാക്കളരി.!!! ഇപ്പോൾ ചെറിയ ശേഖരം മാത്രമേ അവശേഷിക്കുന്നുള്ളു. എഴുത്തച്ഛൻ കുടിയേറ്റത്തെ സംബന്ധിച്ച രേഖകൾ സാമൂതിരി ചരിത്രകാരന്മാരായ കെ. വി. കൃഷ്ണയ്യരും പി. സി. എം. രാജയും (തമ്പൻ തമ്പുരാൻ) കാണുകയും അവരുടെ ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 1920 കളിൽ ഒരു എഴുത്തച്ഛൻ സമുദായ പ്രമാണിയായ തൃശൂരിനടുത്ത കോക്കൂരിലെ കടക്കരപ്പള്ളി അനന്തനെഴുത്തച്ഛൻ ഈ രേഖയോ പകർപ്പോ കരസ്ഥമാക്കുകയും ഏതോ കോടതി ആവശ്യത്തിനു കോടതിയിൽ ഹാജരാക്കുകയും അനുകൂലമായ വിധി സമ്പാദിക്കുകയും ചെയ്തു. അദ്ദേഹം അതിന്റെ കോപ്പി അച്ചടിച്ചു സമുദായത്തിൽ വ്യാപകമായി വിതരണം ചെയ്യുകയുണ്ടായി. ആ രേഖയുടെ ഒരു കോപ്പി എന്റെ കുടുംബശേഖരത്തിൽനിന്നു കണ്ടു കിട്ടുകയുണ്ടായി (31 കൊല്ലം മുൻപ്).

## നായർ ഭൃത്യസമാജം

എഴുത്തച്ഛൻ സമുദായ സംഘടനയുടെ പേർ അധ്യാപകസമാജം (ഭാഷാപോഷിണി ജൂലൈ) നായർ സമുദായസംഘടനയുടെ പേർ നായർ ഭൃ

തൃജനസമാജം. ഇത് എന്താണു സൂചിപ്പിക്കുന്നത്? എഴുത്തച്ചൻ സമുദായത്തിന്റെ ഉദാത്തമായ സാംസ്കാരിക പാരമ്പര്യത്തെയാണു സൂചിപ്പിക്കുന്നത്. വേറൊരു സംശയം. സമുദായ സംഘടനയുടെ പേര് അധ്യാപക സമാജം ആയതുകൊണ്ട് യഥാർഥ ജാതിപ്പേര് അധ്യാപകൻ എന്നല്ലേ?

### ജാതിവ്യവസ്ഥ

ജാതിവ്യവസ്ഥയ്ക്ക് അതിന്റേതായ ബലതന്ത്രവും ആഭ്യന്തര വൈരുദ്ധ്യവും ഉണ്ട്. ''ഭാഷാപിതാവും എഴുത്തച്ഛൻ എന്ന ജാതിപ്പേരും'' എന്ന ലേഖനം തന്നെ ഏറ്റവും നല്ല ഉദാഹരണമാണ്. ലേഖനകർത്താവായ എൻ. എസ്. മന്നാടിയാരും ലേഖനത്തിൽ വിവരിക്കുന്ന പണ്ഡിതശ്രേഷ്ഠൻ ചമ്പത്തിൽ ചാത്തുകുട്ടി മന്നാടിയാരും (ചിറ്റൂർ) ജാതിയിലും ജനുസ്സിലും രണ്ടു തരക്കാരാണ്. ചിറ്റൂർ മന്നാടിയാന്മാർ സ്ഥാനി നായന്മാരാണ്. അവർ സമ്പത്തിലും സംസ്കാരത്തിലും പാണ്ഡിത്യത്തിലും വളരെ മുന്നിൽ നിൽക്കുന്നു. ലേഖകനാകട്ടെ കൊല്ലങ്കോട്, കൊടുവായൂർ എന്നീ പ്രദേശങ്ങളിൽ കാണുന്ന പത്തുകുടി, തരകൻ ജാതിയിൽപ്പെട്ട ആളാണ്. അവരിൽ ചിലർ മന്നാടിയാർമാരായി അഭിനയിക്കുകയാണ്. (കോഴിക്കോടും സാമൂതിരിയും പി.സി.എം. രാജ). തുന്നൽ, പച്ചക്കറി, മൽസ്യം, വെറ്റില കച്ചവടം എന്നിവയാണ് ഇക്കൂട്ടരുടെ കുലത്തൊഴിൽ. പൂർണമായും മാംസഭുക്കുകളാണ്. ചിറ്റൂർ മന്നാടിയാർമാരും (നായർ) പത്തുകുടി തരകൻ മന്നാടിയാരും എല്ലാ കാര്യങ്ങളും വിപരീതദിശയിൽ നിൽക്കുന്നു. സവർണ സംസ്കാരം അവരെ തൊട്ടുതീണ്ടിട്ടില്ല. ഈ വൈരുദ്ധ്യം പലർക്കും ഒറ്റനോട്ടത്തിൽ മനസ്സിലാകില്ല.

പുന്നശ്ശേരി നീലകണ്ഠശർമ്മാവ് 20–ാം നൂറ്റാണ്ടിൽ ആദ്യപാദത്തിൽ അബ്രാഹ്മണരേയും ചണ്ഡാലരേയും സംസ്കൃതം പഠിപ്പിക്കാൻ തുടങ്ങിയപ്പോഴാണ് തരകനും പത്തുകുടിയും മൂത്താനും സംസ്കൃതം പഠിക്കാൻ തുടങ്ങിയത്. അതിനു മുൻപ് അവർക്കു സംസ്കൃതപരിചയം തീരെയില്ല. അപവാദങ്ങൾ കണ്ടേക്കാം.

നമ്പൂതിരി മേധാവിത്തത്തെ വെല്ലുവിളിക്കുന്നതിനാണ് നമ്പി ഈ വിദ്യാഭ്യാസ വിപ്ലവത്തിൽ ഏർപ്പെട്ടത്. പ്രൈമറി ക്ലാസ്സുകളിൽ സംസ്കൃതം പഠിപ്പിച്ചിരുന്ന കൃഷ്ണഗുപ്തൻ (മൂത്താൻ) അവരുടെ ഇടയിൽ ഒരു അപവാദമാണ്, അവരുടെ ഇടയിലെ പാണ്ഡിത്യശൂന്യതയ്ക്ക് ഒരു അപവാദം. അപവാദങ്ങളാണ് നിയമത്തിനു സാധൂകരണം നൽകുന്നത്. അതുപോലെതന്നെ ഇക്കൂട്ടരിൽപെട്ട ഇ. പി. ഭാസ്കരഗുപ്തനും ഒരു അപവാദമാണ്. അദ്ദേഹത്തിന്റെ ''ദേശായനം'' എന്ന പുസ്തകത്തിൽ തുഞ്ചത്തെഴുത്തച്ഛൻ ജനിതകമായി എഴുത്തച്ഛൻ ജാതിയിൽപെട്ട ആളാണെന്ന് എഴുതിയിട്ടുണ്ട്.

കേരളത്തിൽ 12 മുതൽ 16 നൂറ്റാണ്ടു വരെ നമ്പൂതിരി യുഗമെന്നു വിളിക്കാം. നമ്പൂതിരി യുഗത്തിന്റെ അന്ത്യത്തിലാണ് തുഞ്ചന്റെ ജനനം. 15, 16 നൂറ്റാണ്ടുകളിലാണ് കേരളത്തിൽ ജീർണ്ണത പാരമ്യത്തിലെത്തിയത്. പ്രശസ്ത ചരിത്രകാരനായ പ്രഫ. ഇളംകുളം കുഞ്ഞൻ പിള്ളയുടെ ചില പരാമർശങ്ങൾ ശ്രദ്ധിക്കുക. ''നമ്പൂതിരിമാർക്കുവേണ്ടി മരിക്കാൻ സൃഷ്ടിക്കപ്പെട്ടവരാണ് നായന്മാർ. നായർ സ്ത്രീകൾ അവരെ രസിപ്പിക്കാൻ വേണ്ടിയും.'' (ജന്മിസമ്പ്രദായം കേരളത്തിൽ – പേജ് 7). ''നായർ സ്ത്രീകൾ പാതിവ്രത്യം കൂടാതെ വാഴണമെന്ന് നമ്പൂതിരിമാർ വിധിച്ചു. നായന്മാർ അതു തടഞ്ഞില്ല. സ്വന്തം ഭാര്യമാരെപ്പറ്റിയാണല്ലോ നമ്പൂതിരിമാർ പറയുന്നതെന്നവർ സമാധാനിച്ചിരിക്കാം.'' (ജന്മിസമ്പ്രദായം കേരളത്തിൽ – പുറം 82). ''സുന്ദരികളായ സ്ത്രീകൾ ഏതു ജാതിയിൽപ്പെട്ടവരായാലും അവരെ വേശ്യകളാക്കിത്തീർക്കണമെന്ന് ബ്രാഹ്മണരുടേയും നാടുവാഴികളുടെയും കടമയായിരുന്നു.'' (ചില കേരള ചരിത്രപ്രശ്നങ്ങൾ – 2–ാം ഭാഗം പേജ് – 104) ''ചാതുർവണ്യത്തിന്റെ അടിസ്ഥാനം സ്വാർഥമാണ്. പരശുരാമകല്പിതമെന്നു പേര് നൽകി അബ്രാഹ്മണ വർഗത്തിൽപെട്ട സ്ത്രീകൾക്ക് പാതിവ്രത്യം പാപകരമാണെന്നു ബ്രാഹ്മണർ വിധിച്ചതിനു കാരണവും സ്വാർഥംതന്നെയാണ്.'' (ചില കേരള ചരിത്ര പ്രശ്നങ്ങൾ – 3 –ാം ഭാഗം. പേജ്. 122)

എഴുത്തച്ഛന്റെ കാലത്തെ 'മഹിളാളി മണിപ്രവാള സാഹിത്യത്തെപ്പറ്റി ഇളംകുളം എഴുതിയതു ശ്രദ്ധിക്കുക. നമ്പൂതിരിമാരുടെയും അമ്പലവാസികളുടെയും സാഹിത്യവ്യവസായത്തെപ്പറ്റിയാണ് അദ്ദേഹം വിവരിക്കുന്നത്.'' ഭോഗലോലുപമായ ഒരു സമുദായം അമ്മാതിരി കാവ്യങ്ങളിൽ ഉടനീളം നിഴലിക്കുന്നുണ്ട്. സുഖമായി ഊണും കഴിച്ച് പകൽ മുഴുവൻ അമ്പലങ്ങളിലും രാത്രി വേശ്യാഭവനങ്ങളിലും വിഹരിച്ചിരുന്ന നമ്പൂതിരി ജന്മിമാരുടെ മാനസികാവസ്ഥയാണ് അവയ്ക്കു രൂപംനൽകിയത്. നമ്പൂതിരിമാരും അന്തരാളവർഗ്ഗക്കാരുമായിരുന്നു അവയുടെ കർത്താക്കൾ... അതുകൊണ്ട് അവരുടെ കാവ്യങ്ങളിൽ സുഖലോലുപതയും അസാന്മാർഗിക ജീവിതവും പരസ്പരം ആശ്ലേഷിച്ചു നിൽക്കുന്ന ദുഷിച്ച സാമൂഹ്യജീവിതത്തിന്റെ ചില വശങ്ങൾ പ്രകടമാകാതിരിക്കാൻ തരമില്ല. (സാഹിത്യ ചരിത്രസംഗ്രഹം – പുറം 29)

''വിവാഹാനന്തരം ആദ്യത്തെ രാത്രി ജന്മിക്ക്'' എന്ന ഫ്യൂഡൽ വ്യവസ്ഥയിലെ നിയമം നമ്പൂതിരിമാർ അവരുടെ കാരാളർക്കിടയിൽ ഏർപ്പെടുത്തിയിരുന്നില്ല. ആ നിയമത്തിന്റെ ആവശ്യമില്ലായിരുന്നു എന്നതുകാരണം ആദ്യ ദിവസം മാത്രമല്ല അതിനു മുൻപും പിൻപും കാരാളന്മാരുടെ സ്ത്രീകൾ ജന്മിമാരുടെ സുഖസാധനങ്ങൾ മാത്രമായിരുന്നു. ചെറുപ്പക്കാരായ നായർ സ്ത്രീകൾക്കു വേണ്ടുവോളം നമ്പൂതിരി യുവാക്കന്മാരെ കിട്ടുമെന്നുള്ളതുകൊണ്ട് നായർ യുവാക്കന്മാർക്ക് വൃദ്ധകളല്ലാത്ത സ്ത്രീകളെ കിട്ടാൻ പ്രയാസമാണ്. – കേരളചരിത്രത്തിലെ ഇരുളടഞ്ഞ ഏടുകൾ പേജ് 208 – ഇളംകുളം കുഞ്ഞൻ പിള്ള.

''ഇന്ത്യയിൽ പല ക്ഷേത്രങ്ങളിലും അശ്ലീലങ്ങളായ ശിൽപങ്ങളും ചിത്രങ്ങളും കാണാം...ഈ സംഗതിയിലും കേരളത്തിനാണ് ഒന്നാംസ്ഥാനത്തിന്നവകാശം. പത്മനാഭസ്വാമിക്ഷേത്രത്തിലും ശുചീന്ദ്രം ക്ഷേത്രത്തിലും കൊത്തിവച്ചിട്ടുള്ള പ്രതിമകളോ മട്ടാഞ്ചേരി കൊട്ടാരത്തിൽ വരച്ചിട്ടുള്ള ചുമർചിത്രങ്ങളോ ഒരിക്കൽ കണ്ടാൽ ഈ വസ്തുത വ്യക്തമാകും. സംസ്കാരമുള്ളവർ ഒരിക്കൽ ഈ ക്ഷേത്രത്തിൽ പോയാൽ പിന്നീട് അവിടെ കാലു കുത്താനറയ്ക്കും. ലീലാതിലകക്കാരന്റേയും പുനം നമ്പൂതിരിയുടെയും സംസ്കാരമാണവിടെ കാണുന്നത്. അശ്ലീലങ്ങളായ പദ്യങ്ങളും പ്രയോഗങ്ങളും ലീലാതിലകക്കാരനു പാച്ചോറാണല്ലോ. മാരലേഖ എന്ന ഗണിക തനിക്കു ചെപ്പേലും മുലമൊട്ടു തരുന്നില്ലെന്നു ശങ്കരകവി സമക്ഷം 'അന്യായം' ബോധിപ്പിക്കുന്നതിനോ, 'ആനിതംബ.... നായികേ' എന്നിങ്ങനെ വർണിച്ചു കാവ്യം ചമയ്ക്കുന്നതിനോ പുനം നമ്പൂതിരിക്കു ലജ്ജയുണ്ടായില്ല. പ്രൗഢകളായ ഗോപസ്ത്രീകൾക്കു ശിശുവായ ശ്രീകൃഷ്ണഭഗവാനെ കണ്ടപ്പോഴുണ്ടായ വികാരം കൃഷ്ണഗാഥയിൽ വർണിച്ചിട്ടുള്ളത് ഇതിലും ഭയങ്കരമാണ്.... ഒരു ലൈംഗിക സാഹിത്യ ഗ്രന്ഥത്തിലും കാണാത്ത തെറികളെല്ലാം ലീലാതിലകത്തിലുണ്ട്. സ്വഭാവോക്തിക്കു വേറെ ഉദാഹരണം വേണോ? അതും ക്രീഡാവിശേഷത്തെ വർണിക്കുന്ന ''ആടിന്റെ.... വിലാസം'' എന്നിങ്ങനെയുള്ള പദ്യമായാലേ നമ്പൂതിരിക്കു തൃപ്തി വരൂ. ക്ഷേത്രം വക വസ്തുക്കളിലെ അമിതാദായം മൂലം വലിയ ജന്മിമാരായിത്തീർന്ന നമ്പൂതിരിമാരുടെ പാണ്ഡിത്യവും സംസ്കാരവും ഉത്തരധ്രുവവും ദക്ഷിണധ്രുവവും പോലെ അകലെയാണ് സ്ഥിതി ചെയ്തിരുന്നത്. അ

ന്നത്തെ കേരളം പേജ് 123, 124. (ഇളം കുളം)

നായന്മാരുടെ പൂർവചരിത്രം എന്ന ഗ്രന്ഥത്തിൽ രണ്ടാംഭാഗം കാണിപ്പയ്യൂർ ശങ്കരൻനമ്പൂതിരിപ്പാട് ഹൈദ്രാലി, ടിപ്പു കാലഘട്ടത്തിൽ നായന്മാരുടെ സാംസ്കാരിക നിലവാരത്തെക്കുറിച്ചു പ്രതിപാദിച്ചിട്ടുണ്ട്. നായന്മാർക്കാണെങ്കിൽ ടിപ്പുവിന്റെ കാലത്തുകൂടി പാടത്തു മേഞ്ഞുനടക്കുന്ന കന്നുകാലികളെപ്പോലെ ഏതു സ്ത്രീക്കും ഏതു പുരുഷനും ഇഷ്ടമുള്ളപ്പോൾ ചേർന്നു രമിക്കാം. ആവശ്യം കഴിഞ്ഞാൽ പിരിഞ്ഞു പോകുകയും ചെയ്യാം. ടിപ്പുവിന്റെ വിളംബരം ഇതാകുന്നു. 'ഒരു സ്ത്രീ പത്തു പുരുഷന്മാരുമായി സംസർഗം ചെയ്യുന്നതു ശിഷ്ടാചാരമായിക്കരുതുന്നതുകൊണ്ടും സ്വന്തം അമ്മ, സഹോദരി മുതലായവരെ അപ്രകാരമുള്ള സംഭ്യേതരനടവടിക്കു നിസ്സങ്കോചം വിട്ടുകൊടുക്കുന്നതുകൊണ്ടും നിങ്ങൾ (നായന്മാർ) എല്ലാവരും ശരിയായ അച്ഛനു പിറക്കാത്ത മക്കളും പാടത്തു മേഞ്ഞുനടക്കുന്ന കന്നുകാലികളേക്കാൾ നിർലജ്ജരുമാകുന്നു. അതുകൊണ്ടു പാപകരമായ ഇത്തരം പ്രവൃത്തികളെ ഉപേക്ഷിച്ച് മറ്റു മാനവസമുദായങ്ങളെപ്പോലെ ജീവിക്കുവാൻ ഞാൻ ഇതിനാൽ ആവശ്യപ്പെടുന്നു.' തഴ്സ്റ്റന്റെ അഭിപ്രായം നോക്കുക. 'പത്തപ്പൻ മക്കളെന്ന' വാക്ക് ഇന്നു നായന്മാരെ നിന്ദിക്കുവാനായി (ശകാരിക്കുവാനായി)ട്ടാണ് ഉപയോഗിച്ചുവരുന്നത്. ആനന്ദൻ തന്റെ History of love എന്ന പുസ്തകത്തിൽ പറഞ്ഞിട്ടുള്ളത് ഇതിലും രസാവഹമാണ്. 'അപ്പനാരെന്ന ചിന്ത മൃഗപ്രേമയുഗത്തിലെ ആദിമ നിവാസികൾക്കുണ്ടാവാൻ തരമില്ല.... കേരളത്തിലെ തെക്കൻ തീയ്യരേപ്പറ്റിയും തൃശൂർ നായരെപ്പറ്റിയും 'പത്തപ്പന്റെ മക്കൾ' എന്നു പറഞ്ഞു കേൾക്കുന്നത് പരമ്പരയായി പണ്ടുകാലങ്ങളിൽ നടന്ന സമ്പ്രദായം നിമിത്തമാണ്.) നമ്പൂതിരി സംബന്ധവും മരുമക്കത്തായവും നമ്പൂതിരിമാർ സ്വാർഥലാഭത്തിനുവേണ്ടി നായന്മാരുടെ മേൽ അടിച്ചേൽപ്പിച്ചതാണ് എന്നാണ് പ്രൊഫസർ ഇളംകുളം പറയുന്നത്. കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാട് അതു നിഷേധിക്കുന്നു. നായന്മാരുടെ ബ്രാഹ്മണഭ്രമം കൊണ്ടാണ് അതു സംഭവിച്ചത് എന്നാണ് അദ്ദേഹം പറയുന്നത്.

ഇത്തരം ചീഞ്ഞളിഞ്ഞ ദുർഗന്ധം വമിക്കുന്ന ജീർണതകൾക്കെതിരായാണ് തുഞ്ചൻ തന്റെ തൂലിക ചലിപ്പിച്ചത്. അതിനായി ആര്യൻ ഇതിവൃത്തങ്ങൾ അദ്ദേഹം തിരഞ്ഞെടുത്തു. ഭക്തി പ്രസ്ഥാനമായിരുന്നു അദ്ദേഹത്തിന്റെ മാർഗം. ഇതു മാത്രമായിരുന്നു അദ്ദേഹത്തിന്റെ മുന്നിലുള്ള ഏകമാർഗം. എഴുത്തച്ഛൻ പരിഭാഷമാത്രമാണ് നടത്തിയത്. സ്വതന്ത്രകൃതികൾ രചിച്ചിരുന്നെങ്കിൽ ഒരുപക്ഷേ അദ്ദേഹത്തിന്റെ തല കഴുത്തിൽ ഉറച്ചിരിക്കുമായിരുന്നില്ല.

അദ്ദേഹം മുള്ളിനെ മുള്ളുകൊണ്ടെടുത്തു. തുഞ്ചന്റെ ഭക്തിപ്രസ്ഥാനം ക്ഷേത്രകേന്ദ്രിതമല്ല. മേൽപ്പത്തൂരിന്റെയും പൂന്താനത്തിന്റേയും ഭക്തി ഗുരുവായൂർ ക്ഷേത്രം കേന്ദ്രീകരിച്ചാണ്. ഭക്തിപ്രസ്ഥാനം ജാതിവ്യവസ്ഥയുടെ നിരാസമാണ് ലക്ഷ്യം വയ്ക്കുന്നത്. ഭഗവാനും ഭക്തനും തമ്മിൽ ഇടനിലക്കാരന്റെ ആവശ്യമില്ല എന്നതാണ് അതിന്റെ തീസിസ്. അതായതു ബ്രാഹ്മണപൗരോഹിത്യത്തെ അതു വെല്ലുവിളിക്കുന്നു. ഭഗവാന്റെ മുമ്പിൽ എല്ലാവരും സമന്മാരാണെന്ന സന്ദേശവും അതു നൽകുന്നുണ്ട്. ജാതിക്കും വർണവ്യവസ്ഥയ്ക്കും എതിരാണ് ഭക്തി പ്രസ്ഥാനം. ഉദാഹരണത്തിന്

ജാതിനാമാദികൾക്കല്ല ഗുണഗണ
ഭേദമെന്നത്രേ ബുധന്മാരുടെ മതം
(രാമായണം കിളിപ്പാട്ട്)

ഇവിടെ അദ്ദേഹം ജാതിവ്യവസ്ഥയ്ക്കെതിരായി തൂലിക ചലിപ്പിക്കുന്നു.

## എഴുത്തച്ഛനും ശൂദ്രപദവിയും

രാമായണ രചനയ്ക്ക് ബ്രാഹ്മണരോടു പൊറുതി പറയുന്ന അവസരത്തിൽ "ബ്രഹ്മപാദജൻ അജ്ഞാനി നാം ആദ്യനായുള്ളോരു ഞാൻ"... (രാമായണം) എന്ന വരികളിൽ "ആദ്യനായുള്ളോരു ഞാൻ" എന്ന പ്രയോഗത്തിൽനിന്ന് താൻ സാധാരണ നായർ ശൂദ്രനല്ലെന്ന് കവി ഉറക്കെ പ്രഖ്യാപിക്കുന്നുണ്ട്. എഴുത്തച്ഛൻ സമുദായത്തിന്റെ അക്കാലത്തെ ജാതി പദവിയുമായി ബന്ധപ്പെട്ട ഒരു പ്രയോഗമാണത്. തുഞ്ചൻ നായരായിരുന്നെങ്കിൽ "ആദ്യനായുള്ളോരു" എന്ന പ്രയോഗം അദ്ദേഹം ചേർക്കുമായിരുന്നില്ല.

ബ്രഹ്മപാദജൻ അജ്ഞാനിനാം
ആദ്യനായുള്ളോരു ഞാൻ
വേദസമ്മിതമായ് മുമ്പുള്ള
രാമായണം–
ബോധഹീനന്മാർക്കറിയാംവണ്ണം
ചൊല്ലീടുന്നേൻ
വേദവേദാന്താദിവിദ്യകളെല്ലാം
ചേതസി തെളിഞ്ഞുണർത്താനാ
വോളം തുണയ്ക്കണം

പാദജന്യരായ അജ്ഞാനികൾ ഏറ്റവും വലിയ അജ്ഞാനി എന്ന നിലയിൽ "ആദ്യൻ" എന്ന പ്രയോഗം എടുക്കാൻ കഴിയുകയില്ല. വേദങ്ങളും വേദാംശങ്ങളും വേദാന്താദികളും താൻ പഠിച്ചിട്ടുണ്ടെന്നും അതു മനസ്സിൽ തെളിഞ്ഞു നിൽക്കണം എന്നുമാണ് പ്രാർഥന. അതിനാൽ അജ്ഞാനികളിൽ ഏറ്റവും വലിയ അജ്ഞാനി എന്ന പ്രയോഗം (ആദ്യൻ) ഇവിടെ സ്വീകാര്യമല്ല. താൻ ശൂദ്രന്മാരിൽ തന്നെ പതിതശൂദ്രനാണ് താനെന്നാണ് ആ പ്രഖ്യാപനത്തിന്റെ അർഥം. എഴുത്തച്ഛൻ സമുദായത്തിന്റെ ജാതിപദവിയുമായി ചേർന്നു പോകുന്നതാണ്. അതിനാൽ നായർക്കു ചേർന്നതല്ല. എഴുത്തച്ഛന്മാരിൽ പലരും ഇപ്പോഴും മരുമക്കത്തായികൾ ആണ്. (പെരുവമ്പ് വല്ലങ്ങി പ്രദേശങ്ങളിൽ നിന്ന്)

മലബാർമാന്വലിന്റെ കർത്താവായ വില്യം ലോഗൻ തുഞ്ചൻ നായരാണെന്നു പറയുന്നതിനു കാരണം അദ്ദേഹം തന്നെ നൽകുന്നുണ്ട്. എഴുത്തച്ഛൻ ജാതിയെ വിവരിക്കുന്ന അവസരത്തിൽ Ezhuthachans hardly distinguishable from Nairs എന്നാണ് പറയുന്നത്. എഴുത്തച്ഛന്മാരെ, നായന്മാരിൽനിന്നു വേർതിരിക്കാൻ പ്രയാസമാണെന്നാണ് ലോഗൻ പറയുന്നത്. ലോഗൻ മുൻകൂർ ജാമ്യമെടുത്തു കഴിഞ്ഞിരുന്നു എന്നർഥം!!! അതുകൊണ്ടായിരിക്കാം തുഞ്ചന്റെ ജാതിയെപ്പറ്റി തെറ്റായ വിവരം നൽകാനിടയായത്.

കോഴിക്കോട് സർവകലാശാല പ്രസിദ്ധീകരിച്ച വഞ്ചേരി ഗ്രന്ഥവരിയിൽ 1604 ൽ തയാറാക്കിയ പ്രമാണത്തിൽ എഴുത്തച്ഛൻ ആണ് ഉള്ളത്. എഴുത്തച്ഛൻ തച്ച– എന്നാണ് ലേഖകന്റെ വാദം. വട്ടെഴുത്തിൽ "ച്ഛ" എന്നെഴുതാൻ കഴിയുകയില്ല. വട്ടെഴുത്തിൽ "ച" വർഗത്തിൽ "ച"യും "ഞ" യും മാത്രമെയുള്ളൂ. പിന്നെ എങ്ങനെയാണ് എഴുത്തച്ഛൻ എന്നെഴുതുക? "ഭൂമി മലയാളം"തുടങ്ങിയ കാലത്തുതന്നെ ഇന്നുപയോഗിക്കുന്ന ലിപിയാണ് അന്നുപയോഗിച്ചിരുന്നത് എന്നാണ് ലേഖകൻ കരുതുന്നത്. ശാന്തം പാവം!!!!! എഴുത്തച്ഛനും എഴുത്തച്ചനും രണ്ടാകുന്നത് 16–ാംനൂറ്റാണ്ടിൽ അല്ല. ഇപ്പോഴും സർക്കാർ രേഖകളിൽപോലും ഈ സമുദായത്തെ രേഖപ്പെടുത്തുന്നതിനായി എഴുത്തശ്ശൻ എന്നും "എഴുത്തച്ചൻ" എന്നും മറ്റും തെറ്റായ രീതിയിൽ എഴുതാറുണ്ട്. 2001 ൽ എഴുത്തച്ഛനും എഴുത്തശ്ശനും ഒന്നാണെന്നു പറഞ്ഞുകൊണ്ട് ഒരു സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതുകൊണ്ട് എഴുത്തശ്ശൻ എന്ന ജാതി 21–ാം നൂറ്റാണ്ടിൽ ഉണ്ടായതാണെന്ന് രാധാകൃഷ്ണനും കൂലിപ്പടയും പറയുമോ? തുഞ്ചന്റെ കാലഘട്ടത്തിൽ എഴുത്തച്ഛൻ സമുദായത്തിന്റെ ജാതിപദവി ദൃഢീകരിച്ചിരുന്നില്ല. ജാതി പദവി താപമാപിനിയിലെ രസനാളം പോലെയാണ്. അതുയരുകയും താഴുകയും ചെയ്യും. പാലക്കാട്ടുകാരനായ എൽ.കെ. അനന്തകൃഷ്ണയ്യർ എഴുത്തച്ഛൻ ജാതിയെ ശൂദ്രന്മാ

രുടെ പട്ടികയിൽ പെടുത്തിയിരിക്കുന്നു. മലബാറിൽ കുടിയേറിയ എഴുത്തച്ഛൻ കുടുംബക്കാരുടെ മുൻഗാമികൾ രേവതി പട്ടത്താനം പണ്ഡിത സദസ്സിലേക്കു വരാറുള്ളവരായിരുന്നു. അതുകൊണ്ടാണ് അവർ അഭയം തേടി സാമൂതിരിയെ സമീപിച്ചത്.

എഴുത്തച്ഛൻ എന്ന പതിത ജാതിയിൽ പിറന്നതുകൊണ്ടാണ് എഴുത്തച്ഛൻ നവോത്ഥാന നായകനും സാമൂഹ്യവിപ്ലവകാരിയും ആയത്. തുഞ്ചൻ നമ്പൂതിരി ആയിരുന്നെങ്കിൽ നാരായണീയം പോലെ ഒരു സംസ്കൃത കാവ്യമോ അഥവാ മഹിളാളി മണിപ്രവാള കാവ്യമോ അല്ലേ രചിക്കുക? ചിലപ്പോൾ മറ്റൊരു ''വൈശിക തന്ത്രം'' തന്നെ രചിച്ചേക്കാം. തുഞ്ചൻ നായരായിരുന്നെങ്കിൽ എന്ന ചോദ്യം തന്നെ ഉദിക്കുന്നില്ല. ''അക്ഷരഅനഭിജ്ഞത്വം'' മൂഢത്വം, എന്നിവ സ്വയം വരിച്ച് മലയാളഭാഷ തന്നെ ശരിയായി ഉച്ചരിക്കാൻ അവകാശമില്ലാത്ത നായർക്ക് എങ്ങനെയാണ് സംസ്കൃതപദ ബഹുലമായ രാമായണം നിർമിക്കാൻ കഴിയുക. ആധുനിക കാലത്ത് ഹിന്ദുമതത്തിനെ വിശാലമാക്കുന്നതിനും അടിത്തറ ശക്തിപ്പെടുത്തുന്നതിനും ക്രൈസ്തവ മതത്തിന്റെ ധൈഷ്ണിക ആക്രമണത്തെ പ്രതിരോധിക്കുന്നതിനും സജ്ജമാക്കിയത് സ്വാമി വിവേകാനന്ദനാണ്. വിവേകാനന്ദൻ ശൂദ്രനാണ്. (ബംഗാളി കായസ്ഥൻ–ഗുമസ്തൻ) അദ്ദേഹം ബ്രാഹ്മണനായിരുന്നെങ്കിൽ കവിഞ്ഞാൽ ഫ്രഞ്ച് അധീനത്തിലായിരുന്ന പോണ്ടിച്ചേരിയിൽ അഭയം തേടിയ (ബ്രിട്ടീഷ്കാരെ ഭയന്ന്) ഒരു അരവിന്ദഘോഷ് ആകുമായിരുന്നു. ഭഗവദ്ഗീത വായിക്കുന്നതിനേക്കാൾ ഭേദം ഫുട്ബോൾ കളിക്കുന്നതാണ് എന്ന് പറയുമായിരുന്നോ? പണ്ഡിതനും (Scholar) ബുദ്ധിജീവിയും (Intellectual) തമ്മിൽ വ്യത്യാസമുണ്ട്.

മലയാളത്തിൽ വ്യഭിചരിക്കപ്പെട്ട പദമാണ് ബുദ്ധിജീവി എന്നത്. സമൂഹത്തെ മാറ്റിമറിക്കുന്നവനാണ് ബുദ്ധിജീവി. പണ്ഡിതൻ അങ്ങനെ ആയിക്കൊള്ളണമെന്നില്ല. എഴുത്തച്ഛൻ ബുദ്ധിജീവിയും പണ്ഡിതനും മഹാകവിയുമായിരുന്നു. മേൽപത്തൂർ ഭട്ടതിരി പണ്ഡിതകവി മാത്രമായിരുന്നു. ഫ്രഞ്ചുവിപ്ലവത്തിനു ബീജാവാപം നൽകിയ വോൾട്ടയർ ആണ് ബുദ്ധിജീവികൾക്ക് എല്ലാകാലത്തേക്കും ഉള്ള ഉദാത്തമാതൃക. തന്റെ സ്വന്തം വർഗത്തിന്റെ ഫ്രഞ്ചുകുലീന വർഗത്തിന്റെ നിക്ഷിപ്ത താൽപര്യങ്ങൾക്ക് എതിരായാണ് അദ്ദേഹം പോരാടിയത്. അതുകൊണ്ടാണ് അദ്ദേഹം ബുദ്ധിജീവിയും വിപ്ലവകാരിയും ആയത്. അദ്ദേഹം ഫ്രാൻസിനെ മാത്രമല്ല, യൂറോപ്പിനെ മുഴുവൻ മാറ്റിമറിച്ചു.

തുഞ്ചൻ നായരായിരുന്നെങ്കിൽ അദ്ദേഹം ഒരിക്കലും തൂലിക എടുക്കുമായിരുന്നില്ല. അദ്ദേഹം സദാ ആയുധപാണിയാകുമായിരുന്നു. അദ്ദേഹം സ്വന്തം അമ്മ പെങ്ങന്മാരേയും ഭാര്യയെയും മകളേയും വിൽപനചരക്കാക്കുമായിരുന്നു!!! ഒരു നായർക്ക് 16–ാം നൂറ്റാണ്ടിൽ സഭ്യതയുടെ വിപ്ലവം നയിക്കാൻ കഴിയുമോ? നമ്പൂതിരിമാർക്കെതിരെ സാംസ്കാരിക യുദ്ധം നടത്താൻ 16–ാം നൂറ്റാണ്ടിൽ ഒരു നായർക്ക് കഴിയുമോ?

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ എഴുത്തച്ഛൻ സമുദായത്തിന് ബൗദ്ധ ജൈന്യ പശ്ചാത്തലമുണ്ടെന്നു പറഞ്ഞിട്ടുണ്ട്. (മലയാളവും ബുദ്ധമതവും– മംഗളോദയം മാസിക). കോഴിക്കോട് സാമൂതിരി അവർക്ക് സംരക്ഷണം നൽകിയ കാര്യവും അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. അവർക്ക് പല സ്ഥലങ്ങളിലും ആചാര്യസ്ഥാനമുണ്ടെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. ഈ ധൈഷണിക പശ്ചാത്തലമാണ് തുഞ്ചൻ ഗുരുവിനെ സൃഷ്ടിക്കാൻ സമുദായത്തിനു കഴിഞ്ഞത്. (രാമകഥ മലയാളത്തിൽ – സി.കെ. മൂസ്സത്)

1498–നു ശേഷം വളരെയേറെ വിദേശ സഞ്ചാരികൾ കേരളത്തിൽ കൊല്ലത്തോളം താമസിച്ച് നായന്മാരുടെ സാംസ്കാരിക നിലവാരത്തെ സംബന്ധിച്ച് വളരെ വിലപ്പെട്ട വിവരങ്ങൾ നൽകിയിട്ടുണ്ട്. 16–ാം നൂറ്റാണ്ടിൽ 15 കൊല്ലത്തോളം കേരളത്തിൽ താമസിച്ച പോർച്ചുഗീസുകാരനായ ബാർബോസ, 15–ാം നൂറ്റാണ്ടിൽ സന്ദർശിച്ച അബ്ദുൾ റസ്സാക്ക്, നിക്കോള കൊണ്ടി, 16–ാംനൂറ്റാണ്ടിലെ കാസ്റ്റനെഡ്, വർത്തേമ, ലെൻസ് ചൊട്ടെൻ, 17–ാം നൂറ്റാണ്ടിൽ പിറാർഡ് ഡി ലാഖലും 18–ാം നൂറ്റാണ്ടിൽ ഹാമിൽട്ടൻസായ്പ്പും. 19–ാം നൂറ്റാണ്ടിൽ ബുക്കാനനും വളരെയേറെ വിവരം നൽകിയിട്ടുണ്ട്. 15, 16, 17 നൂറ്റാണ്ടുകളിൽ ആരും തന്നെ നായന്മാരുടെ എഴുത്തുകളരികളെപ്പറ്റി വിവരം നൽകിയിട്ടില്ല. അവർ 7–ാമത്തെ വയസ്സുമുതൽ ആയുധ അഭ്യാസത്തിനാണ് കളരികളിൽ പോകാറ്. ബാർബോസ രേഖപ്പെടുത്തുന്നു. അവർ ആജന്മയോദ്ധാക്കൾ ആണ്. അവർക്കു വിദ്യാഭ്യാസം നൽകുന്നത് അനാവശ്യവും, അവരുടെ കാര്യക്ഷമതകുറയ്ക്കുമെന്നുമാണ് നമ്പൂതിരിമാർ കരുതിയത് എന്നാണ് കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാട് നായന്മാരുടെ പൂർവചരിത്രം എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. നമ്പൂ

കവിത

# സ്ലോമോഷൻ

**ജോണി ജെ. പ്ലാത്തോട്ടം**

സർക്കാർ സഹായം പോലെ
ദൈവകൃപയുടെ വരവുപോലെ
മറ്റന്നാളോ അതിനു പിറ്റേന്നോ
കൃത്യമായും എത്താതിരിക്കില്ല
-എല്ലാം പെട്ടന്നായിരുന്നോ,
എന്ന ചോദ്യവും -

പക്ഷേ
വൈകിയോടുന്ന തീവണ്ടിസ്വഭാവമോ
ദിവസപ്പണിയുടെ സമയതന്ത്രമോ അല്ല

ഇഞ്ചിഞ്ചായി ഓടിക്കിതച്ച്
സമയകണികകളുടെ വിടവുകളിറങ്ങിക്കയറി
സൂക്ഷ്മാനുഭവങ്ങളിൽ സ്വയം മതിച്ച്
ചലനത്തിന്റെ രാഗവിസ്താരമനുഷ്ഠിച്ച്
ആലസ്യമാഘോഷിച്ച്
ആക്രാന്തത്തിന്റെ, ആവേഗത്തിന്റെ
സമയ ഭീകരതകളുടെ ഗ്ലാമറിനെ
അപനിർമ്മിക്കുകയാണ്. ●

തിരിമാർ അൽപാൽപം സംസ്കൃത വിദ്യാഭ്യാസം പിന്നോക്ക ജാതികൾക്കു നൽകിയിരുന്നു എന്നാണ് കാണിപ്പയ്യൂർ പറയുന്നത്. പെരുമണ്ണാന്മാർക്ക് വൈദ്യം പഠിക്കുന്നതിന്, കമ്മാളർക്ക് വാസ്തുവിദ്യ പഠിക്കുന്നതിന്, കളരിപണിക്കർക്ക് ജ്യോതിഷത്തിന്. എന്നാൽ നായർക്ക് അവരുടെ തൊഴിലിന് ആവശ്യമില്ലാത്തതിനാൽ അവരെ സംസ്കൃതം പഠിപ്പിച്ചിരുന്നില്ല. നായന്മാർ തോക്ക് ഉപേക്ഷിച്ച് തൂലിക എടുത്തത് ബ്രിട്ടീഷ് കാലഘട്ടത്തിൽ മാത്രമാണ്. ആ കാലഘട്ടത്തോടു മാത്രമാണ് അപൂർവം ചിലർ എഴുത്തു പഠിപ്പിക്കുന്നവർ ഉണ്ടായിരുന്നത്. വടക്കെ മലബാറിൽ അവരുടെ സംഖ്യ അൽപം കൂടും. കാരണം അവിടെ എഴുത്തച്ഛൻ സമുദായക്കാർ കാര്യമായി ഇല്ല. എന്റെ കുടുംബത്തിൽനിന്നും എഴുത്തു പഠിപ്പിക്കുന്നതിനായും മറ്റും തലശ്ശേരിയിലെ ചില കുടുംബങ്ങളിൽ താമസിച്ചിരുന്നതിനെപ്പറ്റി എന്റെ അച്ഛൻ പറയാറുണ്ട്. (എഴുത്തച്ഛൻ താമസിക്കുക.) നമ്പൂതിരിമാരുടെ ജനസംഖ്യ അവരുടെ പ്രത്യേക വിവാഹസമ്പ്രദായംമൂലം വളരെയേറെ കുറഞ്ഞുവന്നു. നമ്പൂതിരി സംബന്ധം മൂലം നായന്മാരുടെ ജനസംഖ്യ വർധിച്ചു. വിദേശ അധിനിവേശം മൂലം മറ്റുപല പ്രശ്നങ്ങളും ഉണ്ടായി. തന്മൂലം നമ്പൂതിരിമാരെ ആശ്രയിച്ചു കഴിയുക എന്നതുകൊണ്ടുമാത്രം ജീവിക്കാൻ ബുദ്ധിമുട്ടായിത്തീർന്നു. തന്മൂലം അവർ മറ്റു പല ജോലികളിലേക്കും വ്യാപരിച്ചു. ഇതു ബ്രിട്ടീഷ്കാലഘട്ടത്തിൽ മാത്രമാണുണ്ടായത്. 16, 17 നൂറ്റാണ്ടുകളിൽ സൈനിക സേവനം (?) ഒഴികെ യാതൊരു ജോലിയിലും അവർ ഏർപ്പെട്ടിരുന്നില്ല. അക്ഷരാഭ്യാസമുള്ളവർ ഉണ്ടായിരുന്നില്ല.

ബാലകൃഷ്ണകുറുപ്പും തുഞ്ചൻ ഗവേഷണവും: പ്രഗല്ഭഗ്രന്ഥകാരനും ചരിത്രകാരനും ഗവേഷകനുമായ പരേതനായ കെ. ബാലകൃഷ്ണകുറുപ്പ് എഴുത്തച്ഛൻ ജാതിയെക്കുറിച്ചും ആചാര്യനെക്കുറിച്ചും ഗവേഷണം നടത്തി സമഗ്രമായ വിലപ്പെട്ട ഒരു ഗ്രന്ഥം പ്രസിദ്ധീകരിക്കുകയുണ്ടായി. (വിശ്വാസത്തിന്റെ കാണാപ്പുറങ്ങൾ– മാതൃഭൂമി പ്രസിദ്ധീകരണം) അതിൽ ആചാര്യൻ എഴുത്തച്ഛൻ ജാതിയിൽ പിറന്ന ആളാണെന്ന് ഗവേഷണ പഠനത്തിലൂടെ തെളിയിച്ചിട്ടുണ്ട്. അതിനെ ധൈഷണികമായി നേരിടുന്നതിനു കെല്പില്ലാത്തവരാണ് ജാതിമാറ്റുന്നതിന് നോവൽ രചനയിലേക്കു തിരിഞ്ഞത്. ബാലകൃഷ്ണകുറുപ്പ് എഴുതുന്നു.

### വഞ്ഞേരി ഗ്രന്ഥവരി

തിരൂർ തുഞ്ചൻ പറമ്പിനടുത്തുള്ള തൃക്കണ്ടിയൂർ ക്ഷേത്രസങ്കേതത്തിലെ രേഖകളാണ് വഞ്ഞേരി ഗ്രന്ഥവരിയിലുള്ളത്. തുഞ്ചന്റെ കാലഘട്ടത്തിലെ രേഖകളാണത്. അദ്ഭുതകരമെന്നു പറയട്ടെ ആചാര്യനെക്കുറിച്ച് യാതൊരു പരാമർശവും ആ രേഖയിലില്ല. തുഞ്ചൻ പറമ്പിന്റെ വിളിപ്പാടകലെയാണ് ക്ഷേത്രസങ്കേതം. തുഞ്ചനെയും സമുദായത്തെയും ആ കാലഘട്ടത്തിൽ അവിടെ നിന്ന് നമ്പൂതിരിമാർ ഓടിച്ചിട്ടുണ്ടായിരിക്കാം. തിരൂരിൽനിന്നു രക്ഷപ്പെട്ട് എഴുത്തച്ഛൻ നമ്പൂതിരിമാർ ചേക്കേറാത്ത പാലക്കാട് ചിറ്റൂരിലേക്കാണു പോയത്. അതിനുകാരണമുണ്ട്. പാലക്കാട് രാജാവിനെ നമ്പൂതിരിമാർ ഭ്രഷ്ടനാക്കിയിരുന്നു. അതിനാൽ നമ്പൂതിരിമാർ ആ സ്ഥലം ഉപേക്ഷിച്ചുപോന്നു. പാലക്കാട് രാജാവിനെ അച്ചൻ എന്നാണ് വിളിക്കുക (തരൂർ സ്വരൂപം). പാലക്കാട് രാജാവ് കൊങ്ങുനാട്ടിൽ നിന്നും മറ്റിടത്തുനിന്നും തമിഴുബ്രാഹ്മണരെ കൊണ്ടുവന്നു താമസിപ്പിച്ചു. അവർ കൽപാത്തി പോലുള്ള നിരവധി ഗ്രാമങ്ങൾ ഉണ്ടാക്കി. നമ്പൂതിരിമാർ ദ്രോഹിച്ചപ്പോൾ തമിഴുബ്രാഹ്മണർ അദ്ദേഹത്തെ സ്വീകരിച്ചു. ചിറ്റൂർ തെക്കേ ഗ്രാമത്തിൽ തമിഴു ബ്രാഹ്മണരെ കൊണ്ടുവന്നത് എഴുത്തച്ഛനാണ്. ഒമ്പതു വീട്ടുകാരെയാണ് കൊണ്ടുവന്നത്. അതിന്റെ സ്മാരകമായി നവഗ്രഹസ്ട്രീറ്റ് ഇപ്പോഴും ഉണ്ട്.

മലബാറിൽ നായന്മാർക്ക് വ്യാപകമായി നൽകുന്ന സ്ഥാനപ്പേരാണ് എഴുത്തച്ഛൻ എന്ന് ആരോ എഴുതിക്കണ്ടു. ഇതു കല്ലുവച്ച നുണയാണ്. നായന്മാരിൽ എഴുത്തുപഠിപ്പിക്കുന്നവരുണ്ടായത് ഇരുപതാം നൂറ്റാണ്ടിലും പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിലും മാത്രമാണ്. 16, 17, 18 നൂറ്റാണ്ടുകളിൽ മറ്റുപല ജാതിക്കാരിലും എഴുത്തുപഠിപ്പിക്കുന്നവർ ഉണ്ടായിരുന്നാലും നായന്മാരിൽ നിന്ന് ഉണ്ടായിരുന്നില്ല. ബ്രിട്ടീഷ് കാലഘട്ടത്തിൽ ചിലയിടങ്ങളിൽ ഉണ്ടായിരുന്നു. നമ്മുടെ ഇടയിൽ ഒറ്റക്കണ്ണന്മാർ ഉണ്ടാകുന്നതുപോലെ. ഈ ഒറ്റക്കണ്ണന്മാർ ഉണ്ടാകുന്നതുകൊണ്ടാണ് മനുഷ്യർക്ക് രണ്ടു കണ്ണാണ് 'നിയമം' എന്നു നാം മനസ്സിലാക്കുന്നു.

### ചരിത്രം വളരുമ്പോൾ

ചരിത്രം ഒരർഥത്തിൽ ഒരു ഇടക്കാല റിപ്പോർട്ടു മാത്രമാണ്. അത് ഒരു അന്തിമവിധിയല്ല. 3500 കൊല്ലം പഴക്കമുള്ള സൈന്ധവ നദീതട സംസ്കാരത്തെപ്പറ്റി നമുക്കു വിവരം കിട്ടുന്നത് 70 കൊല്ലം മുമ്പു മാത്രമാണ്. എന്തുകൊണ്ട് നേരത്തെ അതിനെപ്പറ്റി വിവരം നൽകിയില്ല എന്നു പറഞ്ഞുകൊണ്ട് ആരും അതിനെ നിഷേധിക്കാറില്ല.

ഉള്ളൂരും വള്ളത്തോളും ആചാര്യനെ മുടിമുറിക്കുന്ന, വസ്ത്രം വെളുപ്പിക്കുന്ന വിളക്കത്തല, വെളുത്തേടത്തു വിഭാഗത്തിൽപെടുന്ന, എണ്ണയാട്ടുന്ന അവർണ നായരായിട്ടാണ് ചിത്രീകരിച്ചിട്ടുള്ളത്. (ചക്കാല നായർ തരുണിയിൽ ഭൂജാതനാം.....) ഇപ്പോൾ ആചാര്യനെ സാക്ഷാൽ പടനായരായിട്ട് ചിത്രീകരിക്കുന്നതിനുള്ള ശ്രമങ്ങൾ തുടങ്ങിയിട്ട് ഏതാനും മാസങ്ങളെ ആയിട്ടുള്ളൂ.

ഭാഷാ ശാസ്ത്രജ്ഞ്ജനും പ്രശസ്ത ഇന്റോളജിസ്റ്റുമായ ഡോ. ബർണൽ തന്റെ പ്രശസ്തമായ സൗത്ത് ഇന്ത്യൻ പാലിയോഗ്രാഫി എന്ന ഗ്രന്ഥത്തിൽ പറഞ്ഞിട്ടുള്ളതു നോക്കുക. (പേജ് 35) ''17–ാം നൂറ്റാണ്ടിലാണ് അദ്ദേഹം ജീവിച്ചത്. ശരിക്കുള്ള പേർ വിസ്മൃതമായിരിക്കുന്നു. തുഞ്ചത്ത് എന്നതു വീട്ടുപേർ അഥവാ കുടുംബപ്പേർ ആണ്. എഴുത്തച്ഛൻ എന്നതു ജാതിപ്പേരും..... എന്നാൽ മലയാള സാഹിത്യം ഇന്നത്തെ നിലയിൽ ആയിട്ടുള്ളത് അദ്ദേഹത്തിന്റെ പരിശ്രമഫലമായിട്ടാണ്.

ഭൂവനേശ്വരി പൂജ ശാക്തേയം എന്നിവ നടത്തുന്ന ധാരാളം എഴുത്തച്ഛൻ കുടുംബങ്ങൾ കൊച്ചിയിലും മലബാറിലുമുണ്ട്. പത്തുകുടിയും തരകനും അവരുടെ പരികർമികൾ മാത്രമാണ്. സമുദായത്തിന്റെ താന്ത്രിക പാരമ്പര്യത്തിൽനിന്നാണ് അതുണ്ടായത്. ഇവിടെ ലേഖകൻ കുതിരയെ കെട്ടുന്നത് വണ്ടിയുടെ പിന്നിലാണെന്നു മാത്രം.

എഴുത്തച്ഛൻ സമുദായത്തിന്റെ ബൌദ്ധ ജൈന സംസ്കാരത്തിന്റെ തെളിവാണ് നാനം മോനം സംസ്കാരവും ആയിട്ടുള്ള ബന്ധം. സമുദായത്തിലെ സ്ത്രീകൾകൂടി ഇപ്പോൾ നാനം മോനമില്ലാത്തവൻ അഥവാ വിവരമില്ലാത്തവൻ, വിവേകമില്ലാത്തവൻ, അക്ഷരമില്ലാത്തവൻ എന്നർഥത്തിൽ ഉപയോഗിക്കുന്നു. വിദ്യാരംഭം കുറിക്കുന്നതിനും അന്നത്തെ ലിപിയായ വട്ടെഴുത്തിനും നാനം മോനം എന്നാണ് പറഞ്ഞുവന്നിരുന്നത്. എഴുത്തുപള്ളിയിൽ എഴുത്തച്ഛന്മാർ കുട്ടികളുടെ മുന്നിലിരുന്ന് നാനം മോനം ഇത്തനം തൂനം ചീനം ഇന്നനം താനം ഉമ്മനം എന്ന് വായ്ത്താരി ഉരുവിടുമ്പോൾ കുട്ടികൾ അതിൽ അക്ഷരങ്ങൾ ചേർത്ത് നമോത്തു ചിനതം എന്ന് അരിയിലോ മണലിലോ എഴുതും. നമോസ്തു ജിനതേ എന്നാണതിനർഥം. പാലി ഭാഷയുടെ വകഭേദമാണ് നമോത്ത് ചിനതം. ഇന്നത്തെ ഹരിശ്രീക്കുപകരം മധ്യകാലഘട്ടത്തിൽ നമോത്ത് ചിനതമാണ് മംഗളാചരണ വാക്യമായിട്ട് ഉപയോഗിച്ചിരുന്നത്. പതിനെട്ടാം നൂറ്റാണ്ടുവരെ ഇതു തുടർന്നു. (എസ്. ശങ്കു അയ്യർ–കേരളവും ബുദ്ധമതവും വോള്യം–1). ●